പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ..650 30.06.2016-ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ നിയന്ത്രണാതീതമായ കടന്നുകയറ്റം സാമൂഹിക-സാമ്പത്തിക-തൊഴിൽ മേഖലകളിൽ വരുത്തിയ മാറ്റങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹിക- സാമ്പത്തിക- തൊഴിൽ-ആരോഗ്യ മേഖലകളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. |
| (ബി) ഇത്തരം കടന്നുകയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഇല്ല. |
| (സി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ അവസരം ഉറപ്പാക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നിഷേധം ഉണ്ടായതായി തൊഴിൽ വകുപ്പിന് പരാതി ലഭിക്കുകയാണെങ്കിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന സമയത്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ